**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5958** **09-11-2021 - ൽ മറുപടിയ്ക്ക്**

**അയ്യങ്കാളി സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അയ്യങ്കാളി സ്കോളർഷിപ്പ് ഇനത്തിൽ നിലവിൽ എത്ര രൂപയാണ് നൽകുന്നത്; വിശദമാക്കാമോ; | (എ) | അയ്യങ്കാളി സ്കോളർഷിപ്പിന്റെ വരുമാനപരിധി ഒരു ലക്ഷം രൂപയാണ്. ഇതിൻ പ്രകാരം യോഗ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 4,7, ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500/-രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു. കൂടാതെ ഇവരിൽ 12,000/- രൂപയിൽ താഴെ വരുമാനമുള്ളവരുടെ മക്കൾക്ക് 2000/-രൂപ ഫർണിച്ചർ വാങ്ങുന്നതിനും, പോഷകാഹാരം ലഭ്യമാക്കുന്നതിന് പ്രതിമാസം 100 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 1000/-രൂപയും നൽകിവരുന്നു. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സ് വരെ സ്കോളർഷിപ്പ് നൽകുന്നുണ്ട്. 5-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് 5,900/-രൂപയും 6 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥികൾക്കും 4,900/-രൂപ വീതം സ്കോളർഷിപ്പായി ഓരോ അധ്യയന വർഷവും നൽകുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെ ആണ് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് അയ്യങ്കാളി സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. |
| (ബി) | പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ബി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ